"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പൊതു വിദ്യാഭ്യാസ വകുപ്പിൽനിന്നും അധ്യാപകരെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യൂക്കേഷൻ (KITE) ൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാസ്റ്റർ ട്രെയിനർമാരായി നിയമിച്ച ഉത്തരവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.107/2023/GEDN തീയതി,തിരുവനന്തപുരം, 28-07-2023

---

പരാമർശം:- 1. 27.10.2022 ലെ സ.ഉ.(ആർ.ടി) 6182/2022/പൊ.വി.വ.

2. 08.08.2012 ലെ സ.ഉ.(അച്ചടി) No. 442/2012/ഫിൻ.

3. 04.11.2022 ലെ സ.ഉ.(അച്ചടി) No.136/2022/ഫിൻ.

4. 24.03.2023 ലെ 29/2023/ഫിൻ. നം. സർക്കുലർ.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം 228 അദ്ധ്യാപകരെ KITE നു കീഴിൽ മാസ്റ്റർ ട്രെയിനർമാരായി നിയമിച്ച നടപടി താഴെ പറയുന്ന വ്യവസ്ഥകളോടെ സാധൂകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. മാസ്റ്റർ ട്രെയിനർമാരായി നിയമിക്കുന്ന അദ്ധ്യാപകർക്ക് പകരമായി സ്കൂളുകളിൽ സംരക്ഷിത അദ്ധ്യാപകരെ മാത്രമേ നിയമിക്കുന്നുള്ളൂ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

2. സൂചന (1)ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ വർക്കിംഗ് അറേഞ്ച്മെന്റ് കാലഘട്ടം 26.10.23 വരെ മാത്രമായി നിജപ്പെടുത്തുന്നു.

3. വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കൈറ്റിൽ നിയമനാനുമതി നൽകിയ 228 അദ്ധ്യാപകരുടെ സേവനം പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് അനിവാര്യമാണോ എന്നും ഇവരുടെ സേവനം

സ്ഥാപനത്തിന് ലഭിക്കുന്നുണ്ടോ എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് എന്നിവർ പരിശോധിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റാണി ജോർജ്ജ്

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ .1672 )

പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്.